**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പഞ്ചായത്ത് വകുപ്പിലെ ജനന-മരണ രജിസ്ട്രേഷന്റെ ചുമതലയുള്ള ഡെപ്യൂട്ടി ഡയറക്ടർ തസ്തിക ജോയിന്റ് ഡയറക്ടർ തലത്തിലേക്ക് ഉയർത്തി ജനന-മരണ രജിസ്ട്രേഷന്റെ ചീഫ് രജിസ്ട്രാറായി നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(കൈയ്യെഴുത്ത്) നം.69/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 25.03.2017

=================================================================

പരാമർശം: 1. ബഹു. സുപ്രീംകോടതിയുടെ ഡബ്ല്യൂ പി (സി) 37/09 നമ്പർ കേസിലെ 24.09.2010 തീയതിയിലെ വിധിന്യായം

2. പഞ്ചായത്ത് ഡയറക്ടറുടെ 25.05.2016-ലെ ഇ 11-12438/2016 നമ്പർ കത്ത്

**ഉത്തരവ്**

ബഹു. സുപ്രീംകോടതിയുടെ പരാമർശം (1) വിധിന്യായത്തിൽ ജനന-മരണ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ജോലികൾക്കായി ഒരു മുഴുവൻ സമയ രജിസ്ട്രാറെ നിയമിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പഞ്ചായത്ത് വകുപ്പിലെ ജനന-മരണ രജിസ്ട്രേഷന്റെ ചുമതലയുള്ള ഡെപ്യൂട്ടി ഡയറക്ടർ തസ്തിക ജോയിന്റ് ഡയറക്ടർ തലത്തിലേക്ക് ഉയർത്തി ജനന-മരണ രജിസ്ട്രേഷന്റെ ചീഫ് രജിസ്ട്രാറായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**വിജയകുമാർ ടി.പി.**

ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
3. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
4. ധനകാര്യ വകുപ്പ് (യു.ഒ. റിമാർക്സ് നം.ധെവ-1/87/2015/ഫിൻ. തീയതി. 06.10.2016 പ്രകാരം)
5. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ